നിയമങ്ങൾ ഓപ്ഷണലായുള്ള നിയമനമാണോ, തൊഴിൽ നിയമങ്ങൾ ഉൾപ്പെടെ സോഷ്യൽ വർക്കിൽ നേടിയ ബിരുദാനന്തര ബിരുദമോ, പേഴ്സണൽ മാനേജ്മെന്റ്&ഇൻഡസ്ട്രിയൽ റിലേഷൻസിലുള്ള ബിരുദാനന്തര ബിരുദമോ ആണ് യോഗ്യത. 3:1 എന്ന അനുപാതത്തിൽ നിയമനം നടത്തുമ്പോൾ ആദ്യത്തെ മൂന്ന് ഒഴിവുകൾ സീനിയർ ക്ലാർക്കുമാരിൽനിന്നും ഇൻക്രിമെന്റ് പ്രൊമോഷൻ മുഖേനയും നാലാമത്തെ ഒഴിവിൽ നേരിട്ടുള്ള നിയമനവും നടത്തേണ്ടതാണ്. ലേബർ കമ്മീഷണറാണ് നിയമനാധികാരി. 23 വയസ്സ് പൂർത്തിയായി 35 വയസ്സ് കഴിയാത്തവരെയാണ് നേരിട്ടുള്ള നിയമനത്തിനായി പരിഗണിക്കുന്നത്. സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥ പ്രകാരം 93 ജീവനക്കാർ എക്സിക്യൂട്ടിവ് വിഭാഗത്തിലേക്ക് ഓപ്ഷൻ നൽകിയിട്ടുണ്ട്.

(ബി) 1991-ലെ കേരള ലേബർ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭേദഗതി ചെയ്യുന്നതിന് നിർദ്ദേശമുണ്ട്. അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിലേക്ക് നിലവിലുള്ള നിയമന അനുപാതം 3:1; വകുപ്പിലെ ജീവനക്കാർ 3 നേരിട്ടുള്ള നിയമനം 1 എന്നത് 1:1 എന്ന് പരിഷ്കരിക്കുന്നതും ഇൻക്രിമെന്റ് പ്രൊമോഷൻ മുഖേന അസിസ്റ്റന്റ് ലേബർ ഓഫിസർ ഗ്രേഡ് II തസ്തികയിലേയ്ക്ക് പ്രൊമോഷന് അർഹരാകുന്ന സീനിയർ ക്ലാർക്കുമാർക്ക് അംഗീകൃത സർവ്വകലാശാല ബിരുദം ഉൾപ്പെടുത്തുന്നതുമാണ് പ്രധാന നിർദ്ദേശങ്ങൾ. സ്പെഷ്യൽ റൂൾസ് പരിഷ്കരണത്തിനു മുന്നോടിയായി 6-1-2016-ലെ 25955/ഡി3/2015/തൊഴിൽ നമ്പർ കത്തുപ്രകാരം സർവ്വീസ് സംഘടനാ പ്രതിനിധികളുടെയും വകുപ്പിലെ ജീവനക്കാരുടേയും അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II റാങ്ക് ഹോൾഡർമാരുടെയും സംയുക്തയോഗം 13-1-2016 തീയതിയിൽ വിളിച്ചുചേർക്കുകയുണ്ടായി. പി.എസ്.സി. റാങ്ക് ഹോൾഡർമാരുടെയും ജീവനക്കാരുടെയും വാദങ്ങൾ കേൾക്കുകയും ചെയ്തു. 10-2-2016 തീയതിയിൽ സർവ്വീസ് സംഘടനാ പ്രതിനിധികളുടെ യോഗം വീണ്ടും ചേരുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) നിലവിലെ സ്ഥിതി തുടരുന്നതാണ്.

കൺസോർഷ്യം രൂപീകരണം

232 (T*933) <u>ശ്രീമതി കെ. കെ. രമിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വികസനത്തിന് അത്യന്താപേക്ഷിതമായ നൈപുണ്യം ലഭ്യമാക്കുന്നതിന് വിഭാവനം ചെയ്ത വിദഗ്ധരെ ഉൾക്കൊള്ളിച്ച കൊണ്ട് കൺസോർഷ്യം (സി. ആർ.ഇ.ഡി.) രൂപീകരിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ;

---

* Thozhilum Nypunyavum

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ, ഇത് പ്രായോഗികമാക്കിയിട്ടുണ്ടോ; കൺസോർഷ്യം രൂപീകരിച്ചത് എപ്പോഴാണ്; നിലവിൽ സർവ്വീസിൽനിന്നും വിരമിച്ച എത്ര പേർ അടങ്ങിയതാണ് കൺസോർഷ്യം;

(സി) കൺസോർഷ്യത്തിലുള്ളവരെ ഏതെല്ലാം വികസന പദ്ധതികൾക്കായാണ് ഇതിനകം ഉപയോഗിച്ചത്;

(ഡി) പ്രഖ്യാപനത്തിനപ്പുറം പ്രയോഗികമായിട്ടില്ലെങ്കിൽ അതിനിടയാക്കിയ സാഹചര്യം വെളിപ്പെടുത്താമോ?

ഉത്തരം

(എ-ഡി) നൈപുണ്യം ലഭ്യമാക്കുന്നത് സംബന്ധമായി തൊഴിലും നൈപുണ്യവും വകുപ്പിൽനിന്നും കൺസോർഷ്യം രൂപീകരിച്ചിട്ടില്ല.

കർഷകത്തൊഴിലാളി ക്ഷേമനിധി

233 (934) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങളുടെ വിതരണം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭിക്കാനുള്ള പരമാവധി വാർഷിക വരുമാനം നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണെന്ന് അറിയിക്കുമോ;

(സി) വാർഷിക വരുമാനം കൂടുതലാണെന്ന കാരണത്താൽ ആരുടെയെങ്കിലും ആനുകൂല്യം തടഞ്ഞ് വച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) വരുമാനപരിധി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഡയറക്ടർ ബോർഡ് തലത്തിലും ബോർഡിന്റെ ജില്ലാ ഓഫീസർമാരുടെ സംസ്ഥാനതല യോഗത്തിലും ക്ഷേമനിധി ആനുകൂല്യങ്ങളുടെ വിതരണം വിലയിരുത്തി വരുന്നുണ്ട്. ബോർഡിൽ 2010 ജനുവരി മുതലുള്ള ആനുകൂല്യങ്ങൾ കുടിശ്ശികയായിട്ടുണ്ട്. 2015 ഡിസംബറിലെ കണക്കുപ്രകാരം ബോർഡ് നൽകിവരുന്ന വിവിധ ആനുകൂല്യങ്ങളിലായി 242 കോടി രൂപയുടെ ആനുകൂല്യങ്ങൾ കുടിശ്ശികയായുണ്ട്. ബോർഡ് നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയാണ് കുടിശ്ശികയ്ക്ക് കാരണം.

LIBRARY ARCHIVES Kerala Legislative Assembly